# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
**ഫോൺ: 0481 2731020, 2732650,**
**മൊബൈൽ: 9846720402**

പി.ആർ.ഒ/35/07/2017 | പത്രക്കുറിപ്പ് | 2017 ജനുവരി 10

**പ്രാക്ടിക്കൽ/വൈവാവോസി**

2016 ഒക്ടോബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്‌സി. സ്പേസ് സയൻസ് & ടെക്നോളജി പരീക്ഷയുടെ പ്രാക്ടിക്കൽ, പ്രൊജക്ട് ഇവാലുവേഷൻ, വൈവാവോസി പരീക്ഷകൾ ജനുവരി 13 മുതൽ 17 വരെ എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജിലും, 17 മുതൽ 19 വരെ ഇടപ്പള്ളി യൂണിവേഴ്സിറ്റി കോളേജ് ഓഫ് അപ്ലൈഡ് സയൻസസിൽ വച്ചും നടത്തും. ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2016 ഡിസംബറിൽ നടത്തിയ ര ാം സെമസ്റ്റർ ബി.വോക് (മാർക്കറ്റിങ് മാനേജ്മെന്റ് ഐ.ടി/റീട്ടെയിൽ മാനേജ്മെന്റ് ഐ.ടി) ഡിഗ്രി പ്രാക്ടിക്കൽ പരീക്ഷ ജനുവരി 19 ന് മാന്നാനം കെ.ഇ കോളേജിൽ വച്ച് നടത്തുന്നതാണ്.

**തടഞ്ഞു വച്ച പരിക്ഷാഫലം**

2016 ഫെബ്രവരിയിൽ നടത്തിയ തിരുവല്ല മാക്ഫെസ്റ്റ് കോളേജിലെ ഒന്നാം സെമസ്റ്റർ എം.ബി.എ പരീക്ഷയുടെ തടഞ്ഞുവച്ച പരീക്ഷാഫലം ഹൈക്കോടതിയുടെ അന്തിമ വിധിക്കു വിധേയമായി താല്ക്കാലികമായി പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമള്ള അപേക്ഷകൾ ജനുവരി 23 വരെ സ്വീകരിക്കും.

**സർട്ടിഫീക്കറ്റ് കോഴ്സ് പ്രവേശനം**

എം.ജി സർവ്വകലാശാലാ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോങ് ലേണിങ് ആന്റ് എക്സ്റ്റൻഷന്റെ ആഭിമുഖ്യത്തിൽ കൗൺസിലിങ്, മാനേജ്മെന്റ് ഓഫ് ലേണിങ് ഡിസെബിലിറ്റി, യോഗിക് സയൻസ്, ഓർഗാനിക് ഫാമിംഗ് എന്നീ സർട്ടിഫിക്കറ്റ് കോഴ്സുകളിലേക്ക് അഡ്മിഷൻ നടത്തുന്നു. കൗൺസിലിങ് കോഴ്സിലേക്ക് ജനുവരി 16നും മാനേജ്മെന്റ് ഓഫ് ലേണിങ് ഡിസെബിലിറ്റി കോഴ്സിലേക്ക് 17നും യോഗിക് സയൻസ് കോഴ്സിലേക്ക് 18നും ആണ് അഡ്മിഷൻ. പ്ലസ് ടു അല്ലെങ്കിൽ പ്രീഡിഗ്രി ഉള്ളവർക്ക് പ്രവേശനം നേടാം. കൃഷിയിൽ അഭിരുചിയുള്ളവർക്ക് ഓർഗാനിക് ഫാമിംഗ് കോഴ്സിൽ ജനുവരി 19 ന് നേരിട്ടെത്തി പ്രവേശനം നേടാം. ഫീസ് എല്ലാ കോഴ്സുകൾക്കും 3100 രൂപ. അഡ്മിഷനു വരുന്നവർ എസ്.എസ്.എൽ.സി/പ്ലസ് ടു ഒറിജിനൽ സർട്ടിഫിക്കറ്റും ര ു പാസ്പോർട്ട് സൈസ് ഫോട്ടോയും കൊ ു വരണം. ഓർഗാനിക് ഫാമിംഗ് കോഴ്സിനു അഡ്മിഷന് തിരിച്ചറിയൽ രേഖ കൊ ുവരണം. വിശദവിവരങ്ങൾക്ക് : 0481 – 2731560, 2731724, 9544981839.

**മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ അന്തർ ദേശീയ പ്രഭാഷണം ഇന്ന് .**

മഹാത്മാഗാന്ധി സർവ്വകലാശാല ഇന്റർനാഷണൽ ആൻഡ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആൻഡ് നാനോസയൻസ് ആൻഡ് നാനോ ടെക്നോളജി ഇന്ന് (ജനുവരി 11) രാവിലെ 10.30 ന് സ്ക്കൂൾ ഓഫ് കെമിക്കൽ സയൻസ് സെമിനാർ ഹാളിൽ വച്ച് അന്തർ ദേശീയ പ്രഭാഷണം നടത്തുന്നു. ലോക പ്രശസ്ത സ്വതന്ത്ര പോളിമർ കെമിസ്റ്റും ഓസ്ട്രേലിയയിലുള്ള, ലക്ഷ്വറി പേയിന്റ് മാനേജറും ഡോ : സാബു തോമസ്സിന്റെ അന്തർദേശീയ സഹപ്രവർത്തകനുമായ ഡോ : ജയിംസ് മാണിക്കാത്ത് ''കോയിൽ കോട്ടിങ്ങ് പ്രക്രിയയിലെ സാധ്യതകൾ'' എന്ന വിഷയത്തെ ആധാരമാക്കി പ്രഭാഷണം നടത്തും. വിശദ വിവരങ്ങൾക്ക് : 9447149547, ഇ.മെയിൽ : josejameskudathala@gmail.com

**തൊഴിലിന്റെ അനൗപചാരികവല്കരണം സ്ത്രീകളെ പ്രതികൂലമായി ബാധിക്കുന്നു :- ഡോ : ബി. ഇക്ബാൽ.**

തൊഴിലിലെ അനൗപചാരികവല്ക്കരണം ഇന്ത്യയിലെ സ്ത്രീകളെ ഗുരുതരമായി ബാധിച്ചുവെന്ന് കേരളാ സർവ്വകലാശാല മുൻവൈസ്ചാൻസിലറും സംസ്ഥാന പ്ലാനിംഗ് കമ്മീഷൻ അംഗവുമായ ഡോ : ബി.ഇക്ബാൽ അഭിപ്രായപ്പെട്ടു. എം.ജി സർവ്വകലാശാല സ്ക്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിലെ പൂർവ്വ വിദ്യർത്ഥികളുടെ ആഭിമുഖ്യത്തിൽ നടത്തിയ പുസ്തക പ്രകാശനചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ആഗോളവൽക്കരണത്തെ തുടർന്ന് സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ നിന്ന് ഭരണകൂടം പിൻവാങ്ങുന്നത് രാജ്യത്തെ സാമൂഹ്യ സേവനമേഖലകളെ ദുർബലപ്പെടുത്തന്നതായി അമേരിക്കയിലെ വെർജീനിയ സർവ്വകലാശാലയിലെ ഡോ : എം.എസ്.ശ്രീരേഖ ചടങ്ങിൽ അഭിപ്രായപ്പെട്ടു. ആംനെസ്റ്റി ഇന്റർനാഷണലിലെ ഡോ : രേഖാരാജ്, ജെ.എൻ.യു. പ്രൊഫസ്സർ ഡോ : എ.കെ രാമകൃഷ്ണൻ എന്നിവർ സംസാരിച്ചു.

**പ്രൊജക്ട് ഫെലോയായുടെ ഒഴിവ്**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്ക്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിൽ യു.ജി.സി മേജർ ഗവേഷണ പ്രോജക്റ്റിലേക്ക് പ്രൊജക്റ്റ് ഫെലോയുടെ ഒഴിവു ്. പൊളിറ്റിക്കൽ സയൻസിൽ 55% മാർക്കിൽ കുറയാതെയുള്ള ര ാം ക്ലാസ്സ് മാസ്റ്റർ ബിരുദവും (എസ്.സി/എസ്.ടി/പി.എച്ച് വിഭാഗത്തിന് 50%) എം.ഫില്ലും ഉള്ള 40 വയസ്സിൽ താഴെയുള്ളവർക്ക് അപേക്ഷിക്കാം. ഫെല്ലോഷിപ്പ് തുക പ്രതിമാസം 14000/- രൂപയും നിയമപ്രകാരമുള്ള എച്ച്.ആർ.എ യും. അപേക്ഷ ലഭിക്കേ അവസാന തീയതി ജനുവരി 16.

## ചാൻസ്‌ലേഴ്സ് അവാർഡ് ദാനം - ജനുവരി - 12ന്

2015 - 16 ലെ കേരളത്തിലെ മികച്ച സർവ്വകലാശാലയ്ക്കുള്ള ചാൻസ്‌ലേഴ്സ് അവാർഡിന് തിരഞ്ഞെടുക്കപ്പെട്ട മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്കുള്ള പുരസ്കാരം സർവ്വകലാശാലാ ചാൻസിലർ കൂടിയായ ബഹു : ഗവർണർ ശ്രീ ജസ്റ്റിസ് (റിട്ടഃ) പി. സദാശിവം ജനുവരി 12 ന് ഉച്ച കഴിഞ്ഞ് 3 മണിക്ക് സർവ്വകലാശാല ആസ്ഥാനത്ത് നടക്കുന്ന ചടങ്ങിൽ സമ്മാനിക്കും. പ്രസ്തുത ചടങ്ങിൽ ബഹു : മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അദ്ധ്യക്ഷത വഹിക്കുകയും ബഹു : വിദ്യാഭ്യാസ മന്ത്രി പ്രൊഫ : സി രവീന്ദ്രനാഥ് മുഖ്യ പ്രഭാഷണം നടത്തുകയും ചെയ്യും.

സർവ്വകലാശാലയിലെ ഇന്റേർണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ നേതൃത്വത്തിൽ നടത്തിയ ചിട്ടയായ പ്രവർത്തനത്തിലൂടെ ക്രോഡീകരിച്ച വിവരങ്ങൾക്കും രേഖകൾക്കും പുറമേ ചാൻസിലർ മുൻപാകെ വൈസ് ചാൻസിലർ നടത്തിയ അവതരണവും അവാർഡിന് വിലയിരുത്തപ്പെട്ടു. സർവ്വകലാശാലകളുടെ ആരോഗ്യകരമായ മത്സരത്തിലൂടെ ഉന്നത വിദ്യാഭ്യാസ നിലവാരം ഉയർത്തുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ബഹു : ചാൻസിലർ ഈ അവാർഡ് ഏർപ്പെടുത്തിയിട്ടുള്ളത്. ഉന്നത വിദ്യാഭ്യാസ സെക്രട്ടറി ഉൾപ്പെട്ട അഞ്ചംഗ സമിതി അക്കാദമിക - അധ്യാപക - ഭരണ നിർവഹണ നേട്ടങ്ങൾ അടക്കം 37 ഘടകങ്ങൾ പരിഗണിച്ചാണ് കേരള

ത്തിലെ പതിനൊന്ന് സർവ്വകലാശാലകളിൽ നിന്ന് എം.ജി സർവ്വകലാശാലയെ അവാർഡിനായി തിരഞ്ഞെടുത്തത്. പ്രശസ്തി പത്രവും ട്രോഫിയും അഞ്ചുകോടി രൂപയും അടങ്ങുന്നതാണ് പുരസ്കാരം.

സർവ്വകലാശാലയുടെ സിൽവർ ജൂബിലി പരീക്ഷാ ഭവനു മുൻപിൽ പ്രത്യേകം തയ്യാറാക്കിയ പന്തലിലാണ് സമ്മേളനം നടക്കുന്നത്. അവാർഡ് ദാന ചടങ്ങിൽ ശ്രീ ജോസ്.കെ.മാണി എം.പിയും ശ്രീ സുരേഷ് കുറുപ്പ് എം.എൽ.എ യും ആശംസാപ്രസംഗങ്ങൾ നടത്തും. ഗവർണറുടെ സെക്രട്ടറി ഡോ : ദേവേന്ദ്ര കുമാർ ദൊഡാവത് സ്വാഗതവും വൈസ്ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ കൃതജ്ഞതയും നിർവ്വഹിക്കും.

മൂന്നു ദശകങ്ങൾ പിന്നിട്ട എം.ജി സർവ്വകലാശാലയ്ക്ക് എറണാകുളം, കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളും ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കും ഉൾപ്പെടുന്ന പ്രവർത്തന മേഖലയിൽ ഗവൺമെന്റ്, എയ്ഡഡ്, അൺ എയ്ഡഡ് സ്വാശ്രയ സ്ഥാപനങ്ങൾ ഉൾപ്പെടെ ഇന്ന് 295 സ്ഥാപനങ്ങൾ ഉണ്ട്. ഇതുകൂടാതെ 18 സ്റ്റാറ്റ്യൂട്ടറി ഡിപ്പാർട്ട്മെന്റുകളും 10 ഇന്റർ സ്കൂൾ സെന്ററുകളും, 7 അന്തർ സർവ്വകലാശാലാ കേന്ദ്രങ്ങളും ഒരു അന്താരാഷ്ട്ര അന്തർ സർവ്വകലാശാലാകേന്ദ്രവും ഉണ്ട്. അദ്ധ്യാപനത്തിനും പഠനത്തിനും ആധുനിക വിവര സാങ്കേതിക വിദ്യ ഏർപ്പെടുത്തുകയും വിദേശ സർവ്വകലാശാലകളുമായി ഓൺലൈൻ പഠന പദ്ധതിയും സാംസ്കാരിക വിനിമയവും എം.ജി സർവ്വകലാശാല ഇതിനോടകം സാദ്ധ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ ആദ്യമായി അറുപതു കോളേജുകളിൽ ASAP പ്രോഗ്രാം നടപ്പിലാക്കി. കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ മൂല്യനിർണ്ണയപ്രകാരം ഇന്ത്യൻ സർവ്വകലാശാലകളിൽ എട്ടാമതും കേരളത്തിൽ ഒന്നാമതുമാണ് ഈ സർവ്വകലാശാലയുടെ സ്ഥാനം. വിദേശ സർവ്വകലാശാലകളുടെ ഉൾപ്പെടെ 44 ധാരണാപത്രങ്ങളിൽ ഒപ്പുവെച്ചതിലൂടെയും ഗവേഷണ മികവിൽ എച്ച് ഇൻഡക്സ് 66 എത്തിയതിലൂടെയും എം.ജി സർവ്വകലാശാലയ്ക്ക് സംസ്ഥാനത്തെ ഇതര സർവ്വകലാശാലകളേക്കാൾ മുൻപന്തിയിലെത്താൻ സാധിച്ചു. ഇന്ത്യയിൽ ആദ്യമായി ഗവേഷണ പ്രബന്ധങ്ങൾ ഡിജിറ്റലൈസ് ചെയ്തതിലൂടെ മറ്റു സർവ്വകലാശാലകൾക്ക് മാതൃകയായി. നാഷണൽ സർവ്വീസ് സ്കിമിന്റെ പ്രവർത്തനങ്ങളിൽ കഴിഞ്ഞ ആറു വർഷമായി ദേശിയ തലത്തിലും സംസ്ഥാന തലത്തിലും ഒന്നാം സ്ഥാനം നിലനിർത്തുകയും രാഷ്ട്രപതിയുടെ അവാർഡ് നേടുകയും ചെയ്തു.

യു.ജി., പി.ജി കോഴ്സുകൾക്ക് കേന്ദ്രീകൃത അഡ്മിഷൻ (CAP /CAT) സുതാര്യമായി നടപ്പിലാക്കിയതിലൂടെ സാമൂഹിക നീതിയും സമത്വവും ഉറപ്പാക്കി. എല്ലാ പരീക്ഷകൾക്കും കേന്ദ്രീകൃത മൂല്യനിർണ്ണയം നടപ്പാക്കിയും ടാബുലേഷൻ കമ്പ്യൂട്ടർവത്കരിച്ചും പരീക്ഷാഫലം സമയ ബന്ധിതമായി പ്രഖ്യാപിക്കുവാൻ കഴിഞ്ഞു.

മികച്ച നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള എം.ജി സർവ്വകലാശാലയ്ക്ക് ഒരു പൊൻതൂവലാണ് ചാൻസ്ലേഴ്സ് അവാർഡ്. രണ്ടാം സ്ഥാനത്തുള്ള സർവ്വകലാശാലയേക്കാളും അൻപതു പോയിന്റുകൾ അധികം നേടിയാണ് മഹാത്മാഗാന്ധി സർവ്വകലാശാല ഈ നേട്ടം കൈവരിച്ചിരിക്കുന്നത്. ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ ഡയറക്ടർ ഡോ : സാബു തോമസിന്റെ നേതൃത്വത്തിൽ മുഴുവൻ അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും ജീവനക്കാരുടേയും യോജിച്ച പരിശ്രമമാണ് സർവ്വകലാശാലയെ ഈ ഉയരങ്ങളിലെത്തിച്ചത്.

വിദ്യാർത്ഥികളെ തൊഴിലന്വേഷകരിൽ നിന്നും തൊഴിൽദായകരാക്കി മാറ്റാനുതകുന്ന ബിസ്സിനസ് ഇൻകുബേഷൻ സെന്റർ & സയൻസ് പാർക്ക്, സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായിട്ടുള്ള അന്താരാഷ്ട്ര ജൈവകൃഷി പഠന കേന്ദ്രം, സർട്ടിഫിക്കേഷൻ സെന്റർ, നാടൻ പ്ലാവ്, മാവ് ഇനങ്ങളുടെ ജൈവവൈവിധ്യതോട്ടം, സൗരോർജ്ജ ഗവേഷണ പദ്ധതി, ഫാബ് ലാബ് മുതലായവ സർവ്വകലാശാലയുടെ വരുംകാല പദ്ധതികളാണ്. നാക് അക്രഡിറ്റേഷനിൽ എ പ്ലസ്സ് വാങ്ങി ലോക നിലവാരത്തിലെത്തുകയാണ് എം.ജി സർവ്വകലാശാലയുടെ അടുത്ത പ്രവർത്തന ലക്ഷ്യം. മികച്ച ലോക റേറ്റിംഗ് ഉള്ള പത്ത് ഇന്ത്യൻ സർവ്വകലാശാലകൾക്ക് അഞ്ഞൂറ് കോടി രൂപ നൽകുവാൻ കേന്ദ്ര സർക്കാർ കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. അതിലേക്കുള്ള ചുവടുവെയ്പ്പായിട്ടാണ് ചാൻസ്ലേഴ്സ് അവാർഡിനെ സർവ്വകലാശാല കണക്കാക്കുന്നത്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**